ഉപഭോക്താക്കളുടെ ബുദ്ധിമുട്ടൊഴിവാക്കുന്നു. വോൾട്ടേജ് ക്ഷാമം ജില്ലയിലെ ജലവിതരണത്തെ കുഴയ്ക്കുന്നു. മാർച്ച് 19-ാം തീയതിയിലെ കേരള കൗമുദിയിൽ വന്ന വാർത്തയാണ്. നഗരത്തിൽ വെള്ളം പമ്പുചെയ്യാനുള്ള നാലു സ്റ്റേഷനുകളിൽ രണ്ടെണ്ണം മാത്രമേ വോൾട്ടേജ് ക്ഷാമം മൂലം ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു. ജലവിതരണത്തിന് സ്വാരമായ തകരാറുണ്ടെന്നു മാത്രമല്ല എന്റെ നിയോജക മണ്ഡലത്തിൽ പ്രത്യേകിച്ച് ഏഴുമണി കഴിഞ്ഞാൽ പിന്നെ ഒൻപതുമണിക്കുശേഷമേ ബൾബുകൾ കത്തുകയുള്ളു. തിരുവനന്തപുരം നഗരത്തിൽ അങ്ങയ്ക്കു തന്നെ ടി. വി. യിൽ വാർത്ത കാണാൻ കഴിയുന്നില്ലല്ലോ. അത്തരത്തിൽ വോൾട്ടേജ് പോയിക്കൊണ്ടിരിക്കുകയാണ്. ഇടയ്ക്കിടയ്ക്ക് കറൻറു പോകുന്നു കറണ്ട് പോയിരിക്കുന്നതായി പരാതിപ്പെട്ടാൽ അതിനു പെട്ടെന്നു പരിഹാരമുണ്ടാകുന്നില്ല. ഇടയ്ക്കിടയ്ക്കു കറൻറു പോകുന്ന സംഭവം നിറുത്തലാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കണം.

വെളിച്ചവിപ്ലവത്തിന്റെ ആവേശം ആളുകൾക്കു കിട്ടണമെങ്കിൽ വോൾട്ടേജ് ക്ഷാമവും ഇടയ്ക്കിടയ്ക്കു കറൻറു പോകുന്നതും പരിഹരിച്ചാലേ സാധിക്കൂ. അതിനുള്ള നടപടികളിൽ സ്വീകരിക്കണമെന്നു ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി : (ശ്രീ. കെ. എം. മാണി) വെളിച്ചെണ്ണ വിപ്ലവപരിപാടിയുടെ ഭാഗമാണ് വോൾട്ടേജ് ഇംപ്രൂവ്മെൻറ് വോൾട്ടേജ് ഇംപ്രൂവ്മെൻറിനെ സംബന്ധിച്ചിടത്തോളം തിരുവനന്തപുരം നഗരത്തിൽ വോൾട്ടേജ് ഇംപ്രൂവ് ചെയ്യുന്നതിനുവേണ്ടി ലോകബാങ്കിന്റെ സഹായത്തോടുകൂടി ഒരു സ്കീം ഗവൺമെൻറ് ഏറ്റെടുക്കുകയാണ്. പുതുതായി ട്രാൻസ്മിഷൻ ലൈനുകൾ നിർമ്മിക്കുക, സബ്സ്റ്റേഷനുകൾ സ്ഥാപിക്കുക, 11 കെ. വി. എൽ. ടി. ലൈനുകൾ നീട്ടുക, കപ്പാസിറ്ററുകൾ സ്ഥാപിക്കുക എന്നിവ പ്ലാൻ സ്കീം പ്രകാരം ലോകബാങ്ക് കാനേഡിയൻ സഹായം എന്നിവയോടുകൂടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ മാസ്റ്റർ പ്ലാൻ ജോലി തയ്യാറാക്കാനും ഉടൻ തീരുമാനിച്ചിരിക്കുകയാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കൊണ്ട് തിരുവനന്തപുരത്തിനേയും കേരളത്തിലാകെത്തന്നെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയുമെന്ന് ഗവൺമെൻറ് ആത്മാർത്ഥമായി വിശ്വസിക്കുകയാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് മുൻഗണന കൊടുക്കാനും ഗവൺമെൻറ് തീരുമാനമെടുത്തിട്ടുണ്ട്.

(2) ഏറ്റുമാനൂർ ബസ്സ്റ്റേഷന്റെ ശോചനീയാവസ്ഥ

ശ്രീ. ഇ. ജെ. ലൂക്കോസ് : സർ, ഏറ്റുമാനൂർ ബസ്സ്റ്റേഷന്റെ അപാകതകൾ പരിഹരിക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിതന്നെ ഉദ്ഘാടനം ചെയ്ത ഒരു ബസ്റ്റേഷനാണ് ഇത്. അവിടെ ശിലയിൽ ബസ്സ്റ്റേഷൻ എന്നാണ് എഴുതിയിരിക്കുന്നത് എങ്കിലും സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസായിട്ടാണ് പ്രവർത്തിക്കുന്നത്. ബസ്സ്റ്റേഷനിലേക്ക് പ്രവേശിക്കുവാനുള്ള റോഡുകൾ, വേ ഇൻ, വേ ഔട്ടും സ്റ്റേഷൻ പരിസരവും മെറ്റൽ ചെയ്തു ടാർ ചെയ്തു സംരക്ഷിച്ചാൽ ഉദ്ദേശം രണ്ടായിരത്തോളം ബസ്സുകൾ കയറിയിറങ്ങി യാത്രക്കാർ സുരക്ഷിതരായി യാത്ര ചെയ്യും. ഇന്ന് എം. സി. റോഡിലും സ്റ്റേഷൻ പരിസരത്തുമായി യാത്രക്കാർ നെട്ടോട്ടമോടുകയാണ്. പണ്ട് ഏറ്റുമാനൂർ കവലയിലെ പൂവരശിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ചുവട്ടിലാണ് ആളുകൾ ഓടിനടന്നിരുന്നത്. എങ്കിൽ ഇന്ന് സ്റ്റേഷൻ പരിസരത്ത് ഓടിനടക്കുന്നു. സംഭാവനയായി ലഭിച്ച ആ രണ്ടര ഏക്കർ സ്ഥലത്ത് 'വേ ഇൻ' ഉം, 'വേ ഔട്ട്' ഉം, സ്റ്റേഷൻ പരിസരവും, മെറ്റൽ ചെയ്ത് ടാർചെയ്ത് സംരക്ഷിച്ച് സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസായി പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ഏറ്റുമാനൂർ ബസ്സ്റ്റേഷനിലുള്ള റോഡുകളും സ്റ്റേഷൻ പരിസരവും മെറ്റൽ ചെയ്തു ടാർചെയ്യുന്നതിന് കെ. എസ്. ആർ. ടി. സി. നടപടികൾ സ്വീകരിച്ചു വരുന്നു. അതിനുവേണ്ടി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. കെ. എസ്. ആർ. ടി. സി. ഇപ്പോൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടു കാരണം അടിയന്തിരമായി ജോലികൾ ചെയ്തു തീർക്കാൻ സാധിച്ചില്ല. എങ്കിലും കാലതാമസം കൂടാതെ തന്നെ ഈ ജോലികൾ ചെയ്തു തീർക്കാൻ ശ്രമിക്കുന്നതാണ്.

(3) തണ്ടാർ സമുദായത്തിന്റെ റിസർവേഷൻ ആനുകൂല്യം മറ്റുള്ളവർ തട്ടിയെടുക്കുന്നു എന്ന പരാതി

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, ഒരു പക്ഷേ നമ്മുടെ രാജ്യത്ത് ഹരിജനങ്ങൾക്ക് അനുവദിച്ചിട്ടുള്ള റിസർവേഷൻ ഹരിജനങ്ങളല്ലാത്ത ആളുകൾ തട്ടിയെടുക്കുന്ന ഒരു സംഭവം ഇതിനുമുമ്പ് വേറെങ്ങും ഉണ്ടായിക്കാണാനിടയില്ല. മദ്ധ്യ തിരുവിതാംകൂറിൽ തണ്ടാൻ എന്നു പറഞ്ഞ് ഒരു വിഭാഗം ആളുകളുണ്ട്. അവർ ഹരിജനങ്ങളാണ്; തെങ്ങു കയറ്റത്തൊഴിലാളികളാണ്. അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന റിസർവേഷൻ ആനുകൂല്യം ഇപ്പോൾ തണ്ടാൻമാരിൽത്തന്നെ ഈഴവർ എന്ന വിഭാഗത്തിൽപ്പെടുന്ന തണ്ടാൻമാർ ഈ സഭയിലെ തന്നെ ഒരംഗമായ ശ്രീമാൻ സി. ജി. ജനാർദ്ദനൻ ഉൾപ്പെടെയുള്ള ആളുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുത വളരെ ഗൗരവമായി നമ്മൾ പരിശോധിക്കേണ്ടതാണ്. പ്രഗൽഭൻമാരില്ലാത്ത പാവപ്പെട്ട ഒരു സമുദായമാണ് മദ്ധ്യ തിരുവിതാംകൂറിലെ ഈ മരംകയറ്റ തൊഴിലാളികളായ തണ്ടാൻമാർ. മുമ്പ് ഈ സഭയിലെ അംഗമായിരുന്ന കെ. കെ. കോയിക്കൽ ഉൾപ്പെടെയുള്ള മരംകയറ്റ തൊഴിലാളികൾ ഉൾപ്പെടുന്ന ആ വിഭാഗത്തിന് അര ശതമാനമാണ് റിസർവേഷനുള്ളത്. അതിന് മറ്റു ചില ഭാഗത്തേക്കുകൂടി വ്യാപിപ്പിച്ച് അപഹരിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും ശരിയായ അർത്ഥത്തിൽ ഈ തണ്ടാൻമാരായിട്ടുള്ള ആളുകൾ സംസ്ഥാനത്തിന്റെ മറ്റേതെങ്കിലും ഭാഗത്തുണ്ടെങ്കിൽ അവർക്ക് അത് അനുവദിക്കുന്നതിനോടോ അല്ലെങ്കിൽ അതിന്റെ ശതമാനം കൂട്ടിക്കൊടുക്കുന്നതിനോടോ നമുക്കാർക്കും അഭിപ്രായ വ്യത്യാസമില്ല. ഇന്നത്തെ അഡ്വക്കേറ്റ് ജനറലായ ശ്രീമാൻ പി. വി. അയ്യപ്പൻ, എസ്. എൻ. ഡി. പി. യോഗത്തിന്റെ ജനറൽ സെക്രട്ടറി ശ്രീമാൻ എ. എസ്. പ്രതാപ്സിംഗ് തുടങ്ങിയവർ തണ്ടാൻമാരിൽപ്പെടുന്ന ആളുകളാണ്. അവർ മരംകയറ്റ തൊഴിലാളികളായ, ഹരിജനങ്ങളായ, തണ്ടാൻമാരല്ല. ശ്രീമാൻ പ്രതാപ്സിംഗ് തണ്ടാൻമാരുടെ റിസർവേഷൻ ആനുകൂല്യത്തിനുവേണ്ടി ഒരൊറ്റ ഈഴവനും മുന്നോട്ടു വന്നുകൂടാ ഹരിജനങ്ങളായ തണ്ടാൻമാർക്കുവേണ്ടി നീക്കിവച്ചിരിക്കുന്നതാണെന്നു പറഞ്ഞ് സർക്കുലർ അയച്ചിട്ടുണ്ട്. പക്ഷേ ഇതിനിടയ്ക്ക് കൂടി ഒരു വിഭാഗം ആളുകൾ ഈ ആനുകൂല്യം തട്ടിയെടുക്കുന്നു. ഈ പാവപ്പെട്ട സമു

LIBRARY ARCHIVES Kerala Legislative Assembly